# സംസ്ഥാന ജി.എസ്.ടി വകുപ്പ്

ടാക്സ് ടവർ, കിള്ളിപ്പാലം
കരമന, തിരുവനന്തപുരം

മേയ്:17 , 2019

## പത്രക്കുറിപ്പ്

## ജി എസ് ടി കോമ്പോസിഷൻ നികുതിദായകർ നികുതി പിരിക്കാൻ പാടില്ല

ജി എസ് ടി കോമ്പോസിഷൻ നികുതി തിരഞ്ഞെടുത്ത വ്യാപാരികൾ ഉപഭോക്താക്കളിൽ നിന്ന് നികുതി ഈടാക്കാൻ പാടില്ല. കോമ്പോസിഷൻ തിരഞ്ഞെടുത്ത വ്യാപാരികൾ അവരവരുടെ നികുതിവിധേയമായ മൊത്തം വിറ്റുവരവിന്റെ നിശ്ചിത ശതമാനമാണ് നികുതിയായി അടക്കേണ്ടുന്നത്. ഈ നികുതി ഉപഭോക്താക്കളിൽ നിന്ന് നേരിട്ട് പിരിക്കാൻ പാടില്ല. എന്നാൽ ജി എസ് ടി കോമ്പോസിഷൻ നികുതി തിരഞ്ഞെടുത്ത ചില വ്യാപാരികൾ ഉപഭോക്താക്കളിൽ നിന്ന് ചരക്കുകളുടെ നികുതി പിരിക്കുന്നതായി പരാതികൾ ലഭിച്ചിട്ടുണ്ട്. ഇത് ജി എസ് ടി നിയമപ്രകാരം കുറ്റകരവും പിഴചുമത്തപ്പെടാവുന്നതുമാണ്. എല്ലാ കോമ്പോസിഷൻ നികുതി തിരഞ്ഞെടുത്ത വ്യാപാരികളും തങ്ങളുടെ എല്ലാ ബില്ല് / ഇൻവോയ്സിന്റെയും മുകളിൽ **"വിതരണത്തിൽ നികുതി പിരിക്കാൻ അർഹതയില്ലാത്ത കോമ്പോസിഷൻ നികുതിദായകൻ"** എന്ന് മലയാളത്തിലോ **"Composition taxable person, not eligible to collect tax on supply "** എന്ന് ഇംഗ്ലീഷിലോ തീർച്ചയായും രേഖപ്പെടുത്തിയിരിക്കണം . അതുപോലതന്നെ പ്രധാന വ്യാപാര സ്ഥാപനങ്ങളുടെയും ബ്രാഞ്ചിന്റെയും ബോർഡിലും നോട്ടീസിലും **" Composition taxable person "** എന്ന് തീർച്ചയായും രേഖപ്പെടുത്തിയിരിക്കണം എന്നും സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് കമ്മീഷണർ ശ്രീമതി ടിങ്കു ബിസ്വാൾ IA S അറിയിച്ചു.